# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 5925 — 28.10.2011-ൽ മറുപടിക്ക്

## ചടയമംഗലത്തെ വാഹനാപകടം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആർ. സെൽവരാജ്: | ശ്രീ.ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) തിരുവനന്തപുരം ജില്ലയിലെ ചടയമംഗലത്ത് വച്ച് ഡി.ജി.പി. ഓഫീസിലെ ഒരു വാഹനം അപകടത്തിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (എ) ഉണ്ട്. ആക്സിഡന്റ് സംബന്ധിച്ച് ചടയമംഗലം പോലീസ് സ്റ്റേഷനിൽ ക്രൈം.നം. 1019/11 U/s 279, 337 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) പ്രസ്തുത വാഹനം ഓടിച്ചിരുന്നത് ആരാണെന്നും, സർക്കാരിന്റെ ഏത് ആവശ്യത്തിനാണ് വാഹനം ഉപയോഗിച്ചതെന്നും, ലോഗ് ബുക്ക് പ്രകാരമുള്ള വിവരം ലഭ്യമാക്കുമോ; | (ബി) ഡ്രൈവർ പി.സി . T 3610 ആണ് വാഹനം അപകട ദിവസം ഓടിച്ചിരുന്നത്. പോലീസ് ആസ്ഥാനത്തെ എ.എ.ഐ.ജി, ഹൈക്കോടതിയിലെ കേസുമായി ബന്ധപ്പെട്ട് എറണാകുളത്തേയ്ക്ക് പോകുന്ന വഴിയ്ക്കാണ് പ്രസ്തുത അപകടം സംഭവിച്ചത്. |
| (സി) പ്രസ്തുത വാഹനം ഉപയോഗിക്കുന്നതിന് ഏത് ഉദ്യോഗസ്ഥനെയാണ് ചുമതലപ്പെടുത്തിയിരുന്നതെന്നും, വാഹനം അപകടത്തിൽപ്പെട്ട സമയം പ്രസ്തുത ഉദ്യോഗസ്ഥൻ വാഹന | (സി) പോലീസ് ആസ്ഥാനത്തെ എ.എ.ഐ.ജിയ്ക്കാണ് പ്രസ്തുത വാഹനം അനുവദിച്ചിരുന്നത്. അപകടസമയം അദ്ദേഹം ഈ വാഹനത്തിൽ ഉണ്ടായിരുന്നു. |

ത്തിൽ ഉണ്ടായിരുന്നോ എന്നും വ്യക്തമാക്കുമോ;

| | | |
|---|---|---|
| (ഡി) | പ്രസ്തുത അപകടം സംബന്ധിച്ച് പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ? | (ഡി) ഉണ്ട്. |

സെക്ഷൻ ഓഫീസർ